ജീവനക്കാർ ചില സന്ദർഭങ്ങളിൽ അവകാശവാദവുമായി നിലനിൽക്കുകയും പോലീസിൽ പരാതിപ്പെടുകയുമൊക്കെ ചെയ്യുന്നുണ്ട്. അവിടെ പട്ടയത്തിന് അപേക്ഷിച്ച് അസൈൻമെന്റ് കമ്മിറ്റി പരിശോധന നടത്തിയ സന്ദർഭത്തിൽ ഈ വിഷയങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ വീടുകളിൽ താമസിക്കുന്ന കോളനി നിവാസികൾക്ക്, ഒരു ലക്ഷംവരുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയതിലേയ്ക്ക് കെ.എസ്.ഇ.ബി.യിൽനിന്നും മറ്റ് യാതൊരുവിധ പ്രശ്നങ്ങളുമില്ലാത്ത നിലയിൽ എൻ.ഒ.സി. നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതിൽ മൂന്നാർ കെ.ഡി.എച്ച്. വില്ലേജിലെ സർവ്വേ നമ്പർ 843 (എ)-യിൽപ്പെട്ട 10.4511 ഹെക്ടർ സ്ഥലം കെ.എസ്.ഇ.ബി.യുടെ കൈവശമുണ്ട്. വില്ലേജ് രേഖകളിൽ റവന്യൂ ഭൂമി എന്ന നിലയിലാണ് ഈ ഭൂമിയുള്ളത്. ഇത് കെ.എസ്.ഇ.ബി.-ക്ക് പോക്കുവരവ് ചെയ്തുകിട്ടുന്നതിന് 1997-മുതൽ ആവശ്യപ്പെട്ടുവരുന്നുണ്ട്. എന്നാൽ ഇതുവരെ പോക്കുവരവ് ചെയ്ത് ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യുടെ കൈവശമുള്ള ഈ ഭൂമിയിൽ 45-ഓളം കയ്യേറ്റക്കാർ താമസമുണ്ട്. ഇതുസംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ പരാതികളിന്മേൽ കേസ്സുകൾ എടുത്തിട്ടുണ്ട്. എന്നാൽ കയ്യേറ്റക്കാർക്ക് കൈവശമുള്ള ഭൂമിക്ക് 843(എ) എന്ന പ്രത്യേക സർവ്വേ നമ്പരുണ്ടെന്ന് അവർ അവകാശപ്പെടുന്നുണ്ട്. അനധികൃതകയ്യേറ്റം ഒഴിവാക്കി കെ.എസ്.ഇ.ബി.-ക്ക് അവകാശപ്പെട്ട ഭൂമി തിട്ടപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിക്കും. കയ്യേറ്റക്കാർക്ക് വേറെ ഭൂമിയുണ്ടോ, കയ്യേറ്റം നടന്നിട്ട് എത്ര കാലമായി തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് അർഹരായ ആളുകൾക്ക് ഇപ്പോൾ അവർ കൈവശംവച്ചിരിക്കുന്ന സ്ഥലത്ത് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

[11.00 A.M.]

(16) ക്രീമിലെയർ സർട്ടിഫിക്കറ്റ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേന്ദ്ര സർക്കാരിന്റെ 9.03.1996-ലെ 12011/96/ആഇഇ നമ്പർ തീരുമാനപ്രകാരം കേരളത്തിലെ മുസ്ലീങ്ങളെ ഒ.ബി.സി. പട്ടികയിൽ 39A Other Muslims excluding (i) Bohra (ii) Cutchi Memon (iii) Navayat (iv) Turukhan (v) Dhakni Muslim എന്നാണ് ചേർത്തിട്ടുള്ളത്. സംസ്ഥാന സർക്കാരും ഇത് അംഗീകരിച്ചിട്ടുണ്ട്. 26-3-1996-ലെ 13233/എ1/95/SC-ST നമ്പർ സർക്കുലറിലൂടെ വകുപ്പ് മേധാവികളെ ഈ കാര്യം അറിയിച്ചിട്ടുമുണ്ട്. എന്നാൽ ഇപ്പോഴും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൽ തഹസിൽദാർമാർ ഇസ്ലാം-മുസ്ലീം എന്നാണ് ചേർത്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വകുപ്പുകളും സ്ഥാപനങ്ങളും കേന്ദ്ര സർവ്വകലാശാലകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഇത്തരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുന്നില്ല. ഇത് കേരളത്തിലെ മുസ്ലീങ്ങൾക്ക് കേന്ദ്ര തൊഴിൽ രംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും ഒട്ടേറെ അവസരങ്ങൾ നഷ്ടപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ ഈ അപാകത തിരുത്തുന്നതിന് പലത വണ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 28-12-2010-ൽ ഈ സഭയിൽ നൽകിയ മറുപടിയിൽ ഇതെല്ലാം സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുമുണ്ട്. ഇപ്പോഴും തഹസിൽദാർമാർ പഴയ രീതിയിൽതന്നെ തുടരുകയാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരും ദേശീയ പിന്നാക്ക വിഭാഗ കമ്മീഷനും അംഗീകരിച്ചതും 1996-ൽ സംസ്ഥാന സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമായ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും 26-3-1996-ന് ശേഷം ഇസ്ലാം-മുസ്ലീം സർട്ടിഫിക്കറ്റ് നൽകിയതുമൂലം ആർക്കെങ്കിലും ഭാവിയിൽ ആനുകൂല്യം നഷ്ടപ്പെടുമെങ്കിൽ അവ പരിശോധിച്ച് അവർക്കും പുതിയ രൂപത്തിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും സർക്കാർ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് കറക്ടാണ്. കേന്ദ്ര ഒ.ബി.സി. ലിസ്റ്റിലെ 39A ഐറ്റം Other Muslims excluding (i) Bohra (ii) Cutchi Memon (iii) Navayat (iv) Turukhan (v) Dhakni Muslim- പ്രകാരം 27-3-1996-ൽ സംസ്ഥാന സർക്കാർ സർക്കുലർ ഇറക്കിയിട്ടുണ്ട്. 13233/എ1/95/SC-ST/DD പ്രകാരം പൊതു അറിവിലേയ്ക്കായി ഇത് പ്രസിദ്ധീകരിച്ചു. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ഒ.ബി.സി. ലിസ്റ്റിൽ പറഞ്ഞ പ്രകാരമല്ല ഇസ്ലാം-മുസ്ലീം എന്ന് മാത്രം സൂചിപ്പിച്ചാണ് റവന്യൂ അധികാരികൾ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് എന്നും അത് കേന്ദ്ര സർക്കാർ സർവ്വീസിൽ സംവരണത്തിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കും തടസം സൃഷ്ടിക്കുന്നുവെന്നും കാണിച്ച് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വീണ്ടും 7-2-2011-ലെ 26581/F1/09/SC-ST/DD നമ്പർ സർക്കുലർ പ്രകാരം കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും ജോലി സംവരണത്തിനും Other Muslims excluding (i) Bohra (ii) Cutchi Memon (iii) Navayat (iv) Turukhan (v) Dhakni Muslim പ്രകാരം തന്നെ സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചു. സബ്മിഷനിൽ ഉന്നയിച്ച പ്രശ്നം മേലിൽ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ഇപ്പോൾ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് സർക്കുലറുകൾ ഗവൺമെന്റ് കൊടുത്തിട്ടുള്ളതാണ്. ഇത് റവന്യൂ വകുപ്പുമന്ത്രി കൂടി കൈകാര്യം ചെയ്ത് ശക്തമായിട്ടുള്ള നിലപാട് സ്വീകരിക്കും. താഴെ തട്ടിലുള്ള ഉദ്യോഗസ്ഥന്മാരൊന്നും ഈ സർക്കുലറുകളൊന്നും വായിക്കുന്നില്ല. അതാണ് ഇതിന്റെ ഒരു കുഴപ്പം. അതുകൊണ്ടുണ്ടാകുന്ന ഒരു പ്രശ്നമാണ്. രണ്ട് ഭാഗത്തും ആവശ്യത്തിനുള്ള സർക്കുലർ കൊടുത്തിട്ടും അത് കംപ്ലെ ചെയ്യുന്നില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: റവന്യൂ വകുപ്പുമന്ത്രി കൂടി ഇത് പറയണം.

ശ്രീ. എ.കെ. ബാലൻ: റവന്യൂ വകുപ്പ് നൂറ് ശതമാനം ഇത് അംഗീകരിച്ചല്ലോ. പിന്നെ ഞാൻ പറഞ്ഞതുതന്നെ അദ്ദേഹവും പറയേണ്ട ആവശ്യമുണ്ടോ? അദ്ദേഹം പറഞ്ഞതായിട്ട് അങ്ങ് കണക്കാക്കിക്കോ. ആ രീതിയിൽ ഉത്തരവ് കൊടുക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly